**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3010** **10-03-2025 - ൽ മറുപടിയ്ക്ക്**

**സമുദ്രമത്സ്യ സമ്പത്തിൽ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-2023 വർഷത്തെ അപേക്ഷിച്ച് 2023-2024 വർഷം സമുദ്രമത്സ്യ സമ്പത്തിൽ കുറവ് നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2022-23 വർഷം സമുദ്ര മത്സ്യ ഉല്പാദനം 6.91 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2023-2024 ൽ 5.81 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളക്കടൽ പോലുള്ള പ്രതിഭാസങ്ങളും കാലാവസ്ഥാ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്തതും, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളും അത്യുഷ്ണവുമാകാം മത്സ്യലഭ്യതയിൽ കുറവുണ്ടായതിന് കാരണം എന്നാണ് നിലവിൽ അനുമാനിക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിയ്ക്കുമ്പോൾ കടൽ മത്സ്യലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തെ കടൽ മത്സ്യലഭ്യതയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മത്സ്യസമ്പത്തിന്റെ കുറവിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കള്ളക്കടൽ പോലുള്ള പ്രതിഭാസങ്ങളും കാലാവസ്ഥാ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്തതും, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളും അത്യുഷ്ണവുമാകാം മത്സ്യലഭ്യതയിൽ കുറവുണ്ടായതിന് കാരണം എന്നാണ് നിലവിൽ അനുമാനിക്കുന്നത്. കൂടാതെ അശാസ്ത്രീയ മത്സ്യബന്ധനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നു എന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ CMFRI യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാലാവസ്ഥാവ്യതിയാനം ഇതിനുള്ള കാരണമായിട്ടുണ്ടെങ്കിൽ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് വകുപ്പ് മുഖേന നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രതിഭാസങ്ങളുടെ ഫലമായി മത്സ്യലഭ്യതയിൽ ഉണ്ടാകുന്ന കുറവ് പരിഹരിയ്ക്കാൻ നിലവിൽ ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rule ഉം കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയതിലൂടെ തീരക്കടലിൽ മത്സ്യലഭ്യത ഉറപ്പാക്കി. |

സെക്ഷൻ ഓഫീസർ